പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1832 — 10.03.2020 ൽ മറുപടിക്ക്

## ആർദ്രം പദ്ധതിയിൽപ്പെടുത്തിയ ഫാർമസിസ്റ്റുകളുടെ തസ്തിക

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു; ഇതിനായി ഏതെല്ലാം വിഭാഗത്തിലുള്ള ജീവനക്കാരെ അധികമായി നിയമിച്ചു; | (എ) | സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും, ആയതിൽ പ്രളയബാധിതമായ രണ്ടെണ്ണം ഉൾപ്പെടെ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും, 160 എണ്ണം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. അടിസ്ഥാന സൗകര്യ കുറവുള്ള മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നു വരുന്നു. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 107 എണ്ണത്തിന്റെ നിർമ്മാണ പ്രവത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. 200 എണ്ണത്തിന്റെ നിർമ്മാണ പ്രവത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. മറ്റ് സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വിവിധ ഘട്ടത്തിൽ നടന്നു വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഫാർമസീസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്; | (ബി) | ആർദ്രം പദ്ധതിയിൽ 150 ഫാർമസിസ്റ്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | മരുന്നുകളുടെ ദുരുപയോഗവും ആന്റിബയോട്ടിക്കിന്റെ അശാസ്ത്രീയമായ ഉപയോഗവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാലഘട്ടത്തിൽ മരുന്നുകളെ കുറിച്ച് ശാസ്ത്രീയമായി പഠിച്ച ഫാർമസിസ്റ്റുകളെ കൂടുതലായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്ഥിര നിയമനങ്ങൾക്ക് പുറമേ എൻ.എച്ച്.എം വഴിയും, പഞ്ചായത്തുകൾ വഴിയും താല്ക്കാലികാടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ചു വരുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ